# അക്കാദമിക

# മാസ്റ്റർ പ്ലാൻ

# 2025-2026

എ.എസ്.പെരുന്തുരുത്തി

# ആമുഖം

## പൊതുവിദ്യാലയം മികവിന്റെ കേന്ദ്രങ്ങൾ

സമഗ്ര ഗുണമേന്മ വിദ്യാഭ്യാസം കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി ഓരോ ക്ലാസിലും കുട്ടികൾ നേടേണ്ട അറിവും കഴിവും. അതാത് ക്ലാസ്സിൽ വച്ചു തന്നെ നേടി എന്ന് ഉറപ്പാക്കുകയാണ് ഓരോ വിദ്യാലയത്തിന്റെയും ലക്ഷ്യം. ഓരോ ഘട്ടത്തിലും കുട്ടികളുടെ പഠനനില അറിഞ്ഞുകൊണ്ട് അതാത് അവസരങ്ങളിൽ ആവശ്യമായ പഠന പിന്തുണ ഉറപ്പാക്കി പഠനത്തിൽ മുന്നേറാൻ പ്രാപ്തരാക്കുകയാണ് ഇതു കൊണ്ടുദ്ദേശിക്കുന്നത്. ഈ ലക്ഷ്യം മുൻനിർത്തി ഒരുക്കുന്ന ഈ മാസ്റ്റർ പ്ലാൻ ലക്ഷ്യം കൈവരിക്കുമെന്ന് പ്രതീക്ഷിക്കുന്നു. ഇതുവഴി വിദ്യാലയത്തിലെ കുരുന്നുകൾക്ക് മെച്ചപ്പെട്ട വിദ്യാഭ്യാസം ലഭ്യമാക്കും. പൊതു സമൂഹത്തിന്റെ പിന്തുണകൊണ്ട് വരും വർഷങ്ങളിലും മികവ് തുടർന്നു കൊണ്ടു ഇരിക്കാനുള്ള പരിശ്രമത്തിലാണ് വിദ്യാലയം. അതിന് സഹായകമായ രീതിയിലാണ് അക്കാദമിക മാസ്റ്റർ ഒരുക്കിയിട്ടുള്ളത് ഇത് അഭിമാനപൂർവ്വം സമർപ്പിക്കട്ടെ

ഹെഡ്മിസ്ട്രസ്സ്
ന്യൂജ സി. ജോർജ്ജ്

# അടിസ്ഥാന വിവരങ്ങൾ

സ്കൂളിന്റെ പേര് : എ.എസ്. പൊന്നത്തുരത്തി

മേൽവിലാസം : പൊന്നത്തുരത്തി പി.ഒ
തൃശ്ശൂർ ഡിസ്ട്രിക്ട്

ഫോൺ : 9400644756

സ്കൂൾ കോഡ് : 24331

വിദ്യാഭ്യാസ ഉപജില്ല : കുന്നംകുളം

വിദ്യാഭ്യാസ ജില്ല : ചാവക്കാട്

റവന്യൂ ജില്ല : തൃശ്ശൂർ

ബി.ആർ.സി : ചൊവ്വന്നൂർ

സി.ആർ.സി : പെങ്ങാമുക്ക്

ഗ്രാമ പഞ്ചായത്ത് : കാട്ടകാമ്പാൽ

ബ്ലോക്ക് പഞ്ചായത്ത് : ചൊവ്വന്നൂർ

ജില്ലാ പഞ്ചായത്ത് : തൃശ്ശൂർ

നിയമസഭാ മണ്ഡലം : കുന്നംകുളം

ലോകസഭാ മണ്ഡലം : ആലത്തൂർ

താലൂക്ക് : കുന്നംകുളം

വില്ലേജ് : പഴഞ്ഞി

ഇ മെയിൽ വിലാസം : aslpschool@gmail.com

സ്കൂൾ വിക്കി : aslpschool@gmail.com

# എ.എസ്. പെരുന്തുരുത്തി സ്കൂൾ

തൃശ്ശൂർ ജില്ലയിലെ ചാവക്കാട് വിദ്യാഭ്യാസ ജില്ലയിലെ കുന്നംകുളം ഉപജില്ലയിൽ കാട്ടകാമ്പാൽ പഞ്ചായത്തിൽ പെരുന്തുരുത്തി എന്ന ഗ്രാമത്തിലാണ് നിലകൊള്ളുന്നത്. പേരു പോലെ തന്നെ വർഷകാലത്ത് നാലുഭാഗവും വെള്ളത്താൽ ചുറ്റപ്പെട്ട് കിടക്കുന്ന സ്ഥലത്താണ് എ.എസ്. പെരുന്തുരുത്തി സ്കൂൾ നിലനിൽക്കുന്നത്. ആദ്യകാലത്ത് ഒരു കുടിപ്പള്ളിക്കൂടമായിട്ടാണ് വിദ്യാലയം ആരംഭിച്ചത്. എയ്ഡഡ് പദവി ലഭിച്ചത് 1910-ലാണ്. കാക്കു മാസ്റ്റർ ആ സ്കൂളിന്റെ ആദ്യത്തെ ഹെഡ്മാസ്റ്ററായി ചുമതലയേറ്റു. ഓർത്തഡോക്സ് സിറിയൻ ക്രിസ്ത്യൻ സംഘത്തിന്റെ നേതൃത്വത്തിലാണ് ഈ വിദ്യാലയം പ്രവർത്തിച്ചു കൊണ്ടിരിക്കുന്നത്. ഇപ്പോഴത്തെ മാനേജരായി മോഹൻ ജെ ജെ നേതൃത്വം വഹിക്കുന്നു. പ്രധാന അധ്യാപികയായ സുജ സി ജോർജ്ജിന്റെ നേതൃത്വത്തിൽ 4 അധ്യാപകരും ചേർന്ന് സ്കൂൾ പ്രവർത്തിച്ചു വരുന്നു. പാഠ്യ പാഠ്യേതര പ്രവർത്തനങ്ങളിൽ എല്ലാം തന്നെ PTA യുടെയും, പൂർവ്വ വിദ്യാർത്ഥികളുടെയും, നാട്ടുകാരുടെയും അകമഴിഞ്ഞ പിന്തുണ ലഭിച്ചു കൊണ്ടിരിക്കുന്നതിൽ അതിയായ സന്തോഷം അറിയിച്ചു കൊള്ളട്ടെ.

## പൊതുലക്ഷ്യങ്ങൾ

* സ്കൂളിൽ എത്തുന്ന എല്ലാ കുട്ടികൾക്കും അതാത് ക്ലാസിൽ നേടേണ്ട പഠനശേഷികൾ കൈവരിച്ചു എന്ന് ഉറപ്പു വരുത്തുന്നു
* എല്ലാ കുട്ടികൾക്കും മലയാളം, ഇംഗ്ലീഷ് ഭാഷകളിൽ എഴുതാനും വായിക്കാനുമുള്ള കഴിവ് ഉറപ്പു വരുത്തുക.
* വായന ഒരു സംസ്കാരമായി രൂപപ്പെടുത്തുന്നതിനാവശ്യമായ പ്രവർത്തനങ്ങൾ ഒരുക്കുക
* ആധുനിക സാങ്കേതിക സാധ്യതകൾ കൂടുതൽ മെച്ചമായി ക്ലാസ്മുറികളിൽ ഉപയോഗിക്കുന്നതിന് അധ്യാപകരെ ശാക്തീകരിക്കുക.
* ഓരോ ടേമിലും കുട്ടികൾ നേടേണ്ട അറിവും കഴിവും ഗ്രേഡ് കാർഡ് തയ്യാറാക്കി രക്ഷിതാക്കൾക്ക് നൽകും. ഇതിനായി PTA/ corner PTA നടത്തും
* ഒന്നാം ക്ലാസ്സ് മുതൽ നാലാം ക്ലാസ് വരെയുള്ള മുഴുവൻ കുട്ടികൾക്കും പാഠഭാഗങ്ങൾക്കനുസൃതമായ വർക്ക് ഷീറ്റുകൾ നൽകും.
* ഹരിത പെരുമാറ്റച്ചട്ടം പാലിച്ച് സമ്പൂർണ്ണ പ്ലാസ്റ്റിക് നിരോധനം, ശുചിത്വം, വേസ്റ്റ് മാനേജ്മെന്റ്, മലിന ജല നിർമാർജ്ജനം എന്നിവ നടത്തുക.
* കൃഷി, ഔഷധത്തോട്ടം, ഉദ്യാനം എന്നിവ വിദ്യാലയത്തിൽ പരിപാലിക്കുന്നതിന് വിദ്യാർത്ഥി സംഘങ്ങൾ രൂപീകരിക്കുക.
* വിദ്യാലയം ഹൈടെക്കാക്കി മാറ്റുക.

## അക്കാദമികം

| നേട്ടങ്ങൾ | പരിമിതികൾ |
| --- | --- |
| * അക്കാദമിക പ്രവർത്തനങ്ങൾ മികച്ച നിലയിൽ നാം സംരക്ഷിക്കുന്നു<br>* മികച്ച ലൈബ്രറി, കമ്പ്യൂട്ടറുകൾ ന സൗകര്യം, ലാബ്<br>* പഠനത്തിൽ പിന്നാക്കാവസ്ഥ ഉള്ള കുട്ടികൾക്ക് പ്രത്യേക പിന്തുണ പ്രവർത്തനങ്ങൾ<br>* സർഗ്ഗാത്മക പ്രവർത്തനങ്ങൾ ആയ പ്രകടന വേദികൾ എന്നിവ പ്രോത്സാഹിപ്പിക്കൽ<br>* പാഠ്യ പാഠ്യേതര പ്രവർത്തനങ്ങൾ, ദിനാചരണങ്ങൾ തുടങ്ങിയവ മികച്ച നിലയിൽ നടപ്പാക്കി<br>* കാർഷിക പ്രവർത്തികൾ, ജൈവ വൈവിധ്യത്തിലും എന്നിവ കുട്ടികൾക്ക് പ്രയോജനം ചെയ്യുന്നു | * മുഴുവൻ കുട്ടികൾക്കും ഗണിതശേഷി കൈവരിക്കാൻ കഴിഞ്ഞിട്ടില്ല<br>* ഐടി അധിഷ്ഠിത പഠനം എന്ന നിലയ്ക്ക് ക്ലാസ്റൂം പ്രവർത്തനം ഒരുക്കാനായിട്ടില്ല<br>* കുട്ടികളുടെ എണ്ണത്തിനനുസരിച്ചുള്ള കമ്പ്യൂട്ടറുകൾ ഉണ്ടെങ്കിലും, കൃത്യമായുള്ള ഇന്റർനെറ്റ് കവറേജ് ഇല്ലാത്തത് ICT യുമായി പഠന പ്രവർത്തനങ്ങൾ ബാധിച്ചു നൽകുന്നതിന് പ്രയാസം നേരിട്ടു. K Phone connection strength എല്ലാ ക്ലാസുകൾക്കും ലഭ്യമാകുന്നില്ല |

# ലക്ഷ്യങ്ങൾ

## ഭാഷാവികസനം

- എല്ലാ കുട്ടികളെയും അർത്ഥപൂർണ്ണമായി വായിക്കുന്നതിനും എഴുതുന്നതിനും പ്രാപ്തരാക്കുക
- എല്ലാ കുട്ടികൾക്കും അവരവരുടെ കഴിവുകൾക്ക് അനുയോജ്യമായ നിലയിലുള്ള ആശയവിനിമയശേഷി നേടി എന്നുറപ്പുവരുത്തുക.
- കുട്ടികളിൽ സാഹിത്യാഭിരുചി വളർത്തുക.
- സർഗ്ഗാത്മക രചനകൾക്കുള്ള അവസരം നൽകുക.
- ആശയങ്ങൾ വിവിധ തരത്തിൽ ആവിഷ്കരിക്കുന്നതിനുള്ള കഴിവ് നേടുക.
- ഭാഷാശേഷി വികസനത്തിനായി ആധുനിക സാങ്കേതിക വിദ്യാ സാധ്യതകളെ പ്രയോജനപ്പെടുത്തുക.
- മികച്ച വായനാശീലം വളർത്തുക.

## ഇംഗ്ലീഷ്

- ഇംഗ്ലീഷിൽ ആത്മവിശ്വാസത്തോടെ ആശയവിനിമയം നടത്തുന്നതിന് എല്ലാ കുട്ടികളെയും പ്രാപ്തരാക്കുക.
- ഇംഗ്ലീഷിലുള്ള ആവിഷ്കാരങ്ങൾക്കവസരം നൽകുക.
- സ്വതന്ത്ര വായനയ്ക്ക് സജ്ജരാക്കുക.
- സ്വതന്ത്ര എഴുത്തിന് സജ്ജരാക്കുക.
- സാങ്കേതിക വിദ്യാഭ്യാസ സാധ്യതകൾ ഇംഗ്ലീഷ് ഭാഷാ വികസനത്തിന് പ്രയോജനപ്പെടുത്തുക.
- ക്ലാസ് തല വായനമൂല, സ്കൂൾ ലൈബ്രറി എന്നിവിടങ്ങളിൽ ലഘു ഇംഗ്ലീഷ് പുസ്തകങ്ങൾ സജ്ജീകരിക്കുക

* രക്ഷിതാക്കളുടെ സഹായത്തോടെ പഠനോപകരണ നിർമാണ വർക്ക് ഷോപ്പുകൾ ആസൂത്രണം ചെയ്യും.

## പരിസര പഠനം

* ശാസ്ത്ര പഠനത്തിൽ താത്പര്യം വളർത്തും. ശാസ്ത്രാവബോധം, ശാസ്ത്ര മനോഭാവം എന്നിവ വികസിപ്പിക്കും.
* ശാസ്ത്ര പ്രക്രിയാ ശേഷികൾ വികസിപ്പിക്കും. ആധുനിക ശാസ്ത്ര ഉപകരണങ്ങൾ പ്രയോജനപ്പെടുത്താനുള്ള കഴിവ് വർദ്ധിപ്പിക്കും.
* ശാസ്ത്ര രംഗത്തെ നൂതനാശയങ്ങൾ കുട്ടികൾക്ക് പ്രയോജനപ്പെടുത്തും.
* ആധുനിക സാങ്കേതിക വിദ്യാഭ്യാസ സാധ്യതകൾ ശാസ്ത്ര പഠനത്തിന് പ്രയോജനപ്പെടുത്തും.

## സാമൂഹികാവബോധം

* സമൂഹത്തിന്റെ മുന്നോട്ടുള്ള പോക്കിൽ തന്റെ ഉത്തരവാദിത്വം തിരിച്ചറിഞ്ഞ് പ്രവർത്തിക്കുന്നതിന് പ്രാപ്തരാക്കും.
* ജനാധിപത്യ ജീവിത സംസ്കാരം വളർത്തിയെടുക്കും.
* ദിനാചരണങ്ങൾ, ബോധവത്കരണ പരിപാടികൾ, ചർച്ചകൾ എന്നിവ സംഘടിപ്പിക്കൽ

## ഗണിതം

* അടിസ്ഥാന ഗണിത ശേഷികൾ എല്ലാ കുട്ടികൾക്കും ഉറപ്പാക്കും
* ഓരോ ക്ലാസിലും കരിക്കുലം വിഭാവനം ചെയ്യുന്ന ഗണിത ശേഷികൾ നേടി എന്നുറപ്പാക്കും

- ആധുനിക സാങ്കേതിക വിദ്യകൾ ഗണിതത്തിനായി പ്രയോജനപ്പെടുത്തുന്നു
- ഗണിത ചിന്ത, യുക്തി ചിന്ത, വിശകലന ശേഷി എന്നിവ എല്ലാ കുട്ടികൾക്കും വളരുന്നു.

## ഐ.സി.ടി സാധ്യതകൾ പ്രയോജനപ്പെടുത്തുന്നു.

- വിവര സാങ്കേതിക വിദ്യയെ ഫലപ്രദമായി പ്രയോജനപ്പെടുത്തുന്നു.
- അറിവ് നിർമ്മാണ പ്രക്രിയയിൽ വിവര സാങ്കേതിക വിദ്യയുടെ അനന്ത സാധ്യതകൾ ഉപയോഗപ്പെടുത്തുന്നു.
- കുട്ടികൾക്ക് സ്വതന്ത്രമായും നിർഭയമായും കമ്പ്യൂട്ടറുകൾ ഉപയോഗിക്കാനുള്ള സാഹചര്യം ഒരുക്കുന്നു.

## പ്രവൃത്തി പരിചയം

- നിർമ്മാണാത്മക കഴിവുകൾ എല്ലാ കുട്ടികളും വികസിപ്പിക്കുന്നു.
- പാഴ് വസ്തുക്കളിൽ നിന്ന് പഠനോപകരണങ്ങളോ പ്രയോജനകരമായ ഉൽപ്പന്നങ്ങളോ ഉണ്ടാക്കാനുള്ള കഴിവ് വികസിപ്പിക്കുന്നു.
- ഇതര വിഷയങ്ങളുമായി പഠനവുമായി പ്രവൃത്തി പരിചയത്തെ ബന്ധിപ്പിക്കുന്നു.

## കലാ പരിശീലനം

- കുട്ടികളുടെ സർഗ്ഗാത്മക കഴിവുകൾ കണ്ടെത്തുന്നു.
- കലാഭിരുചി വളരുന്നു.
- ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യ കലാപഠനത്തിൽ ഉപയോഗിക്കുന്നു.

# മലയാളം

പ്രവർത്തനം : 1

പേര്: പുസ്തക ചങ്ങാത്തം

ഉപമേഖല: വായന

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| കുട്ടികളിൽ സാഹിത്യാഭിരുചി വളർത്തുക. | പുസ്തകങ്ങൾ ലൈബ്രേറിന് മുന്നിൽ പ്രദർശിപ്പിക്കുന്നു. കുട്ടികൾ കാണാത്ത രീതിയിൽ പെട്ടികൾ ക്രമീകരിക്കുന്നു. | 2 ആഴ്ചകൂടുമ്പോൾ ഒരു പുസ്തകം എന്ന രീതിയിൽ | സ്റ്റാഫ് | 1000 |

പ്രവർത്തനം : 2

പേര്: ക്ലാസ്സ്തല പതിപ്പുകൾ

ഉപമേഖല: ലേഖനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ആശയങ്ങൾ വിവിധതരത്തിൽ ആവിഷ്കരിക്കാനുള്ള കഴിവ് നേടുക. | വിദ്യാലയ വിശേഷങ്ങൾ/ദിനാചരണങ്ങൾ/ക്ലാസ്സ്തല പതിപ്പുകൾ എന്നിവ ഒരുക്കൽ. വിശേഷ ദിവസ പതിപ്പുകളും/മാഗസിനുകളും തയ്യാറാക്കൽ സചിത്ര വാർത്തകൾ എഴുതൽ/ തയ്യാറാക്കൽ | എല്ലാ മാസവും 3/4/ ക്ലാസുകൾ<br>എല്ലാ ദിവസവും 1,2 ക്ലാസ് | ക്ലാസ് ടീച്ചർ | - |

പ്രവർത്തനം: 3

പേര്: എന്റെ പിറന്നാൾ പുസ്തകം

ഉപമേഖല: വായന.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | [illegible] |
|---|---|---|---|---|
| മികച്ച വായന ശീലം വളർത്തുക | ലൈബ്രറി പുസ്തകങ്ങൾ ശേഖരിക്കുന്നു. വായിക്കുന്നു. വായന കുറിപ്പുകൾ തയ്യാറാക്കി വായിക്കുന്നു. ദിവസവും പത്രം വായിക്കുന്നു. പാഠപുസ്തക വായന | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ് ടീച്ചർ | - |

പ്രവർത്തനം - 4

പേര്: ഉച്ചഭാഷിണി വായന

ഉപമേഖല: വായന

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക ബാധ്യത |
|---|---|---|---|---|
| അർത്ഥപൂർണ്ണമായി വായിക്കാൻ കുട്ടികൾക്ക് കഴിയുന്നു. | ഉച്ചഭാഷിണിയിലൂടെ കുട്ടികളുടെ വായന | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ് ടീച്ചർ | |

പ്രവർത്തനം: 5

സ്കൂൾ ലൈബ്രറി

| ലക്ഷ്യം | | | | |
|---|---|---|---|---|
| മികച്ച വായനാ ശീലം വളർത്തുക. | ക്ലാസ് ലൈബ്രറി നവീകരിക്കൽ | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ് ടീച്ചർ | |

പ്രവർത്തനം: 6

പേര്: അക്ഷരക്കൂട്ടം (വായനാകോർണർ)

ഉപമേഖല: വായന

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമഗ്രി |
|---|---|---|---|---|
| മികച്ച വായനാശീലം വളർത്തുക. | ഒഴിവുസമയങ്ങളിൽ വായിക്കുവാൻ ഓരോ ക്ലാസ് മുറിയിലും പ്രത്യേക വായനാ കോർണർ ഒരുക്കുന്നു. | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ് ടീച്ചർ | - |

പ്രവർത്തനം: 7

പേര്: ക്ലാസ്സ്തല കൈയെഴുത്ത് മാഗസിൻ

ഉപമേഖല: ലേഖനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമഗ്രി |
|---|---|---|---|---|
| ആശയങ്ങൾ വിവിധ തരത്തിൽ ആവിഷ്കരിക്കാനുള്ള കഴിവ് | ഓരോ മാസത്തിലെ പഠന പ്രവർത്തനങ്ങളിലെ മികച്ച പ്രവർത്തനങ്ങൾ ഉൾക്കൊള്ളിച്ച് ക്ലാസ്സ്തല കൈയെഴുത്ത് മാഗസിൻ ഒരുക്കൽ | എല്ലാ മാസവും | ക്ലാസ് ടീച്ചർ | |

പ്രവർത്തനം: 8

പേര്: കൈയെഴുത്ത് മാസികകൾ

ഉപമേഖല: ലേഖനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമഗ്രി |
|---|---|---|---|---|
| കുട്ടികൾക്ക് സർഗ്ഗാത്മക രചനകൾക്ക് അവസരം ഒരുക്കൽ | കുട്ടികളുടെ രചനകൾ പ്രസിദ്ധീകരിക്കാൻ, ചുമർപത്രം, കൈയെഴുത്ത് മാസിക, സംയുക്ത ഡയറി എന്നിവ തയ്യാറാക്കുക. | ഓരോ ടേമിലും | വിദ്യാരംഗം സാഹി[illegible] ക്ലബ്ബ് [illegible] | |

പ്രവർത്തനം : 9

പേര്: എന്റെ വായനാ കുറിപ്പ്

ഉപമേഖല : ലേഖനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| പഴയ കൃതികളെയും അർത്ഥപൂർണ്ണമായി വായിക്കുന്നതിനും എഴുതുന്നതിനും പ്രാപ്തരാക്കുക. | വായിച്ച പുസ്തകങ്ങളെ കുറിച്ചുള്ള വായനാ കുറിപ്പ് തയ്യാറാക്കൽ ചെറിയ ക്ലാസിൽ വായനാ കാർഡ്] വായനാ കുറിപ്പിനുള്ള പുസ്തകം വിദ്യാലയം നൽകുന്നു. | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ് ടീച്ചർ | |

പ്രവർത്തനം : 10

പേര് : ചെറമാസവം

ഉപമേഖല : ലേഖനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ആശയങ്ങൾ വിവിധ തലത്തിൽ അറിവ് കൈമാറുന്നതിനുള്ള കഴിവ് | അധ്യാപകർ തയ്യാറാക്കിയ വ്യവഹാര രൂപങ്ങളുടെ മാതൃകകൾ ലക്ഷ്യമാക്കി വ്യവഹാര രൂപങ്ങൾ മാറി എഴുതൽ | ജൂൺ മുതൽ മാർച്ച് വരെ | ഭാഷാ ഇൻച്ച് | |

പ്രവർത്തനം : 11

പേര് : ആശയാവതരണ രീതിയിലൂടെ എഴുത്ത്

ഉപമേഖല ആശയ ഗ്രഹണം

| ലക്ഷ്യം | | | |
|---|---|---|---|
| ആശയവിനിമയ ശേഷി മെച്ചപ്പെടുത്തൽ | പഠനപിന്നോക്കാരം നേരിടുന്ന കുട്ടികൾ | ജൂൺ ജൂലൈ | ടീച്ചർ |

പ്രവർത്തനം : 12

പേര്: സർഗ്ഗവേള

ഉപമേഖല: പ്രകടന വേദികൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| എല്ലാ കുട്ടികളെയും അർത്ഥപൂർണ്ണമായി വായിക്കുന്നതിനും എഴുതുന്നതിനും പ്രാപ്തരാക്കുക. | വായിച്ച പുസ്തകങ്ങളെ കുറിച്ചുള്ള വായനാ കുറിപ്പ് തയ്യാറാക്കൽ, ചെറിയ ക്ലാസിന് വായനാകാർഡ് നൽകൽ | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ് ടീച്ചർ | |

## ഗണിതം

പ്രവർത്തനം : 1

പേര്: ഗണിത വർക്ക്ഷീറ്റ്

ഉപമേഖല: വർക്ക്ഷീറ്റ് തയ്യാറാക്കൽ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | |
|---|---|---|---|---|
| പാഠ്യപദ്ധതിയിൽ നിർദ്ദേശിച്ചിട്ടുള്ള മുഴുവൻ പഠനനേട്ടങ്ങളും എല്ലാ കുട്ടികളെയും ആർജിതരാക്കുക. | എല്ലാ ക്ലാസുകളിലേക്കും പഠനനേട്ടങ്ങൾ ബന്ധപ്പെടുത്തിയും വർക്ക്ഷീറ്റ് തയ്യാറാക്കുക. | ഓരോ ടേമിന്റെയും തുടക്കത്തിൽ | SRG | |

പ്രവർത്തനം : 2

പേര്: ഗണിതം മധുരം (ഗണിതലാബ്)

ഗണിത ഉപകരണങ്ങൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| അടിസ്ഥാന ഗണിതാശയങ്ങൾ മുഴുവൻ കുട്ടികൾക്കും. | കുട്ടിക്ക് സ്വതന്ത്രമായി ഇടപെടാൻ സാധ്യമായ വിധത്തിൽ ഗണിതാശയങ്ങൾ ഉറപ്പിക്കുന്നു. | 2024-25 | SRG | |

പ്രവർത്തനം
പേര്: ഗണിതമൂല
ഉപമേഖല: ഗണിത കേളികൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| അടിസ്ഥാന ഗണിതാശയങ്ങൾ മുഴുവൻ കുട്ടികളിലും എത്തിക്കുന്നതിന് | എല്ലാ ക്ലാസിലും ഗണിത മൂല ഒരുക്കൽ മാതൃ/ കകൾ, കാർഡുകൾ | ജൂൺ | ക്ലാസ് ടീച്ചർ |

പ്രവർത്തനം: 4
പേര്: യൂണിറ്റ് വിലയിരുത്തൽ
ഉപമേഖല: യൂണിറ്റ് ടെസ്റ്റ്.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഓരോ ക്ലാസിലും നേടേണ്ട പഠന നേട്ടം കൈവരിച്ചു എന്ന് ഉറപ്പാക്കൽ | ഓരോ യൂണിറ്റിന്റെയും അവസാനം മൂല്യനിർണ്ണയം നടത്തി പരിഹാര ബോധനം ഉറപ്പു വരുത്തുന്നു. | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ് ടീച്ചർ | - |

പ്രവർത്തനം: 5
പേര്: ഗണിത ക്ലാസ്
CPTA ശാക്തീകരണം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | |
|---|---|---|---|---|
| ഓരോ ക്ലാസിലും കുട്ടികൾ ഗണിതശേഷി നേടിയെന്ന് ഉറപ്പാക്കൽ | ഓരോ ക്ലാസിലും ഗണിത പഠനത്തിലെ HW പ്രവർത്തനങ്ങൾ രക്ഷിതാക്കൾക്ക് വിശദമാക്കി നൽകുന്നു. | ഓരോ ടേമിലും | ക്ലാസ് ടീച്ചർ | |

പ്രവർത്തനം :- 6

പേര് :- ഗണിതം മധുരം

ഉപമേഖല :- ഗണിതക്കേളി

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| അടിസ്ഥാന ഗണിത ക്രിയകൾ എല്ലാ കുട്ടികൾക്കും ഉറപ്പാക്കൽ | ഗണിതത്തിൽ പിന്നോക്കം നിൽക്കുന്നവർക്കായി പ്രത്യേക പഠന പദ്ധതി ആസൂത്രണം ചെയ്യൽ ശില്പശാലകൾ | ജൂൺ മുതൽ ആഗസ്റ്റ് | ക്ലാസ് ടീച്ചർ | |

## ഇംഗ്ലീഷ്

പ്രവർത്തനം :- 1

പേര് :- ഇംഗ്ലീഷ് അസംബ്ലി

ഉപമേഖല :- പ്രകടന വേദികൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | |
|---|---|---|---|---|
| ഇംഗ്ലീഷിലൂടെ ആവിഷ്കാരങ്ങൾക്ക് അവസരം നൽകൽ | ആഴ്ചയിൽ ഒരു ദിനം (ബുധൻ) കുട്ടികൾ തന്നെ അസംബ്ലി മുഴുവൻ പരിപാടികളും ഇംഗ്ലീഷിൽ അവതരിപ്പിക്കുന്നു. | ആഴ്ചയിൽ ഒരു ദിവസം | | |

പ്രവർത്തനം :- 2

പേര് :- ഇംഗ്ലീഷ് ഡയറി (3 & 4 ക്ലാസുകളിൽ)

ഉപമേഖല :- ലേഖനം.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | |
|---|---|---|---|---|
| ഇംഗ്ലീഷ് രചന മെച്ചപ്പെടുത്തുന്നതിന് | ഓരോ ദിവസത്തെയും വീട്ടിലെയും വിദ്യാലയത്തിലെയും അനുഭവങ്ങൾ ഇംഗ്ലീഷിൽ എഴുതുക. | ആഴ്ചയിൽ ഒരു ദിവസം | ക്ലാസ് ടീച്ചർ | |

പ്രവർത്തനം :- 3

പേര് :- ഇംഗ്ലീഷ് ബുള്ളറ്റിൻ (3 & 4 ക്ലാസുകളിൽ)

ഉപമേഖല :- ലേഖനം.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | |
|---|---|---|---|---|
| ഇംഗ്ലീഷിലുള്ള അഭിരുചിക്കാരങ്ങൾക്ക് അവസരം ഒരുക്കുക. | ഓരോ മാസവും ഏതെങ്കിലും വിഷയത്തെക്കുറിച്ച് ഇംഗ്ലീഷിൽ ബുള്ളറ്റിൻ ഒരുക്കൽ<br>ജൂൺ - പരിസ്ഥിതിദിനം<br>ജൂലൈ - ചാന്ദ്രദിനം | ഓരോ മാസത്തിൽ | ക്ലാസ് ടീച്ചർ | |

പ്രവർത്തനം :- 4

പേര് :- Reading and workshop.

ഉപമേഖല :- വായനാ സാമഗ്രി.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | |
|---|---|---|---|---|
| ഇംഗ്ലീഷിലൂടെ ആവിഷ്ക്കാരങ്ങൾക്ക് കുട്ടിയെ പ്രാപ്തമാക്കുക | രക്ഷിതാക്കളെ ഉപയോഗിച്ച് ഇംഗ്ലീഷ് ഗ്രീറ്റിങ്ങ് കാർഡ് നിർമ്മിക്കൽ | ജൂലൈ | SRG | |

പ്രവർത്തനം :- 5

പേര് :- Worksheet workshop

ഉപമേഖല :- അധ്യാപക ശാക്തീകരണം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | |
|---|---|---|---|---|
| മുഴുവൻ കുട്ടികൾക്കും ഇംഗ്ലീഷ് ഭാഷയിൽ പ്രാവീണ്യം നേടുക | താഴ്ന്ന നിലവാരക്കാരായ കുട്ടികൾക്കായി | ജൂൺ മുതൽ | SRG | |

## പരിസര പഠനം

**പ്രവർത്തനം :- 1**

പേര് :- ശാസ്ത്രോപകരണ ശില്പശാല

ഉപമേഖല :- ലാബ് ശാക്തീകരണം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ശാസ്ത്രീയ ശേഷി വികസിപ്പിക്കുക | ഓരോ ക്ലാസിനും അനുയോജ്യമായ പരീക്ഷണ നിരീക്ഷണ പ്രവർത്തനങ്ങൾക്കിണങ്ങും വിധം ശില്പശാലകൾ, മെച്ചപ്പെടുത്തൽ സംഘടിപ്പിക്കൽ പരീക്ഷണം നടത്തുമ്പോൾ Engage Explore, Explain, Exlend Evaluate എന്നീ ഘട്ടങ്ങളിലൂടെ കടന്നുപോകണം | ഓരോ ടേമിലും | ക്ലാസ് ടീച്ചർ | 400 |

**പ്രവർത്തനം :- 2**

പേര് :- പരീക്ഷണക്കുറിപ്പ് (IV-ാം ക്ലാസ്)

ഉപമേഖല :- ശാസ്ത്രീയ അവബോധം വളർത്തൽ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ശാസ്ത്ര പഠനതാല്പര്യം വളർത്തുക ശാസ്ത്രീയ മനോഭാവം വികസിപ്പിക്കുക | പരീക്ഷണങ്ങൾ രേഖപ്പെടുത്തുന്നതിന്റെ പ്രാധാന്യം മനസ്സിലാക്കുന്ന തരത്തിൽ പരീക്ഷണക്കുറിപ്പ് തയ്യാറാക്കൽ | എല്ലാ മാസവും | ക്ലാസ് ടീച്ചർ | |

പ്രവർത്തനം :- I

പേര് :- അതിഥിയെ അറിയൽ

ഉപമേഖല :- സാമൂഹ്യ അവബോധം വളർത്തൽ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | |
|---|---|---|---|---|
| ചർച്ചകൾ, സംവാദങ്ങൾ, അഭിമുഖങ്ങൾ ഇവയിലൂടെ സാമൂഹികമായ അറിവുകൾ നേടുക. ചരിത്രം അറിയൽ | പ്രാദേശികമായി ലഭ്യമായ ആളുകളുമായി അഭിമുഖത്തിന് അവസരമൊരുക്കൽ ചർച്ചകൾ, സംവാദങ്ങൾ ക്ലാസ്തലത്തിൽ സംഘടിപ്പിക്കൽ ശില്പശാല നടത്തൽ ചരിത്രം തയ്യാറാക്കൽ | ഓരോ മാസത്തിലും | ക്ലാസ് ടീച്ചർ | |

പ്രവർത്തനം :- II

പേര് :- ഫീൽഡ് ട്രിപ്പ്

ഉപമേഖല : പൊതുസ്ഥാപനങ്ങൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| സമൂഹത്തെ മുന്നോട്ട് നയിക്കുന്ന സാമൂഹ്യ സ്ഥാപനങ്ങളുടെ പ്രാധാന്യം തിരിച്ചറിയൽ | പൊതുസ്ഥാപനത്തിലേക്ക് ഫീൽഡ് ട്രിപ്പ് സംഘടിപ്പിക്കൽ | ഓരോ മാസത്തിലും | ക്ലാസ് ടീച്ചർ | 2000 |

# വിവരസാങ്കേതികവിദ്യ

പ്രവർത്തനം :-1
പേര് :- വിവരസാങ്കേതിക വിദ്യയിൽ പരിശീലനം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| വിവരസാങ്കേതിക വിദ്യയെ പഠനപ്രദമായി പ്രയോജനപ്പെടുത്തൽ | പാഠഭാഗവുമായി ബന്ധപ്പെട്ട് ICT സാധ്യതകൾ ശേഖരിക്കൽ, പരിചയപ്പെടുത്തൽ, പ്രവർത്തനങ്ങളിൽ പങ്കാളിയാവൽ | ഓരോ മാസത്തിലും | SITC | 1000 |

പ്രവർത്തനം : 2
പേര് :- IT ലാബ്
ഉപമേഖല :- കമ്പ്യൂട്ടർ വിജ്ഞാനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| കുട്ടികൾക്ക് സ്വതന്ത്രമായും നിർഭയമായും കമ്പ്യൂട്ടറുകൾ ഉപയോഗിക്കാനുള്ള അവസരം | ICT ഉപയോഗിച്ച് പാഠഭാഗങ്ങൾ പരിചയപ്പെടുത്തൽ, It-യിൽ പരിശീലനം നൽകൽ projecter ഉപയോഗിച്ച് വിവിധ പ്രവർത്തനം നടത്തൽ | ഓരോ മാസവും | SITC | 1000 |

# സർഗവേദി

പ്രവർത്തനം :-1
പേര് :- സർഗ്ഗവേദി
ഉപമേഖല :- പ്രകടന വേദികൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം. |
|---|---|---|
| കലാഭിരുചി വളർത്തുക (കുട്ടികളുടെ സർഗ്ഗാത്മക കഴിവുകൾ) | ആഴ്ചയിൽ ഒരുദിവസം എല്ലാ ക്ലാസിലും സർഗ്ഗ വേദി നടത്തൽ നേതൃത്വം വിദ്യാർത്ഥികൾ/അധ്യാപകർ | എല്ലാ ആഴ്ചയിലും |

## ആരോഗ്യ കായിക - വിദ്യാഭ്യാസം

പ്രവർത്തനം:-1
പേര് :- കായികാരോഗ്യം
ഉപമേഖല :- എക്സർസൈസ് കളികൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| എല്ലാകുട്ടികൾക്കും കായികാരോഗ്യക്ഷമത ഉറപ്പുവരുത്തുക | PT പിരീഡിൽ മ്യൂസിക്കൽ, എക്സസൈസ്, ഗെയിംസ് എന്നിവ നൽകൽ | ജൂൺ - മാർച്ച് | ക്ലാസ് ടീച്ചർ |

# പ്രവൃത്തിപരിചയം

പ്രവർത്തനം :- 1.

പേര് :- പ്രവൃത്തിപരിചയ ശിൽപശാല

ഉപമേഖല :- നിർമ്മാണ കഴിവുകൾ വികസിപ്പിക്കൽ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
| --- | --- | --- | --- |
| നിർമ്മാണത്തിനുള്ള കഴിവുകൾ വികസിപ്പിക്കുക | പ്രവൃത്തിപരിചയ ഇനങ്ങളിൽ കുട്ടികൾക്ക് പരിശീലനം ലഭ്യമാക്കൽ, പാഠഭാഗത്തെ നിർമ്മാണ പ്രവർത്തനങ്ങളിൽ ഏർപ്പെടൽ | ജൂൺ മുതൽ മാർച്ച് | ക്ലാസ് ടീച്ചർ |